II ഇ.ബി. XII കേരള നിയമസഭ/ VIII-6

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂൺ 30, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16(*151&*180) മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മൽസ്യമേഖലയുടെ സമഗ്രവികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അതനുസരിച്ച് സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച സമീപന രേഖയ്ക്ക് സർക്കാർ അംഗീകാരം നൽകുകയും തുടർന്ന് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് സമുദ്ര മത്സ്യബന്ധന മേഖല, ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും, മത്സ്യ സംസ്ക്കരണവും വിപണനവും, മത്സ്യത്തൊഴിലാളിക്ഷേമം, അടിസ്ഥാന സൗകര്യ വികസനം, മത്സ്യമേഖലാ ഗവേഷണം, ജലപരിഷ്ക്കരണം എന്നീ മേഖലകൾക്കായി ഏഴു കർമ്മ സമിതികളെ ചുമതലപ്പെടുത്തിയും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ ആറു കർമ്മ സമിതികൾ അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. വിദഗ്ദ്ധ

സമിതികൾ തയ്യാറാക്കി സമർപ്പിച്ച വിവിധ മേഖലകൾക്കായുള്ള വികസന നിർദ്ദേശങ്ങൾ മത്സ്യമേഖലയിലെ വിവിധ ശാസ്ത്രജ്ഞന്മാർ, യൂണിവേഴ്സിറ്റികളിലെ പ്രൊഫസർമാർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കർമ്മസമിതി അംഗങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞന്മാർ, എൻ.ജി.ഒ. പ്രതിനിധികൾ, മത്സ്യ മേഖലയിലെ സീനിയർ ഉദ്യോഗസ്ഥർ, എൻ.ഐ.ആർ.ഡി.യിലെ വിദഗ്ദ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് രണ്ടു ദിവസത്തെ ശിൽപശാല 2008 ഏപ്രിൽ 25,26 തീയതികളിൽ കൊച്ചിയിൽ നടത്തുകയും, കർമ്മ സമിതികൾ മുന്നോട്ടുവച്ച വികസന നിർദ്ദേശങ്ങൾ പ്രോജക്ടുകളായി മാറ്റുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായ ശ്രീ. പ്രഭാത് പട്നായിക്, ധനകാര്യ വകുപ്പുമന്ത്രി ഡോ.തോമസ് ഐസക്, മുൻ എഫ്.എ.ഒ. ശാസ്ത്രജ്ഞനായ ഡോ. എം. എൻ.കുട്ടി, കേന്ദ്ര സർക്കാരിന്റെ ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ഉപദേഷ്ടാവായിരുന്ന ഡോ.വി.രവീന്ദ്രൻ, ഡോ.മോഹനകുമാരൻ നായർ, ഫിഷറീസ് കോളേജിലെ ഡീൻ ഡോ.നമ്പൂതിരി, ഡോ.കെ.കെ.അപ്പുക്കുട്ടൻ, ഡോ.ലക്ഷ്മണൻ, ഡോ.സുരേന്ദ്രൻ, ഡോ.കെ.വി.തോമസ് തുടങ്ങിയവർക്ക് പുറമേ സംസ്ഥാന ഗവൺമെന്റിന്റെ ഉപദേഷ്ടാവായിട്ടുള്ള ഡോ.മധുസൂദന കുറുപ്പ്, എൻ.ഐ.ആർ.ഡി. യിലെ സാമ്പത്തിക വിദഗ്ദ്ധരായിട്ടുള്ള ഡോ.ജേക്കബ് ജോർജ്ജ്, പ്രൊഫ. രാജാക്കുട്ടി, പ്രൊഫ.കെ.ജെ.കുര്യൻ, ഡോ.ജെ.ചാത്തുക്കുളം എന്നിവരും ശ്രീ. വി.ദിനകരൻ, ശ്രീ. വി.വി.ശശീന്ദ്രൻ, ശ്രീ. എ.കെ.ബാവ, ശ്രീമതി മേഴ്സികുട്ടി അമ്മ, ശ്രീ. ചാൾസ് ജോർജ് തുടങ്ങിയ ട്രേഡ് യൂണിയൻ പ്രതിനിധികളും പങ്കെടുത്തിരുന്നു. മത്സ്യമേഖലയുടെ

സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ കർമ്മ സമിതികൾ മുന്നോട്ടുവച്ച വികസന നിർദ്ദേശങ്ങളോട് പൊതുവെ യോജിപ്പ് പ്രകടിപ്പിക്കുകകയും സമഗ്ര മായ കാഴ്ചപ്പാടോടെ വ്യക്തമായ റിസൾട്ട് മുന്നിൽ കണ്ടുകൊണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിഭവശോഷണം തടയുന്നതിന് ഓപ്പൺ ആക്സസിന് പകരം മീൻ പിടിക്കാനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കു മാത്രമായി നിജപ്പെടു ത്തണമെന്നും അക്വേറിയൻ റിഫോംസ് കൊണ്ടുവരണമെന്നും മത്സ്യസംസ്ക്കരണ രംഗത്ത് മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വികസനത്തിന് മുൻഗണന നല്കണമെന്നും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ഏജൻസി സ്ഥാപിക്കണമെന്നും കേരളത്തിൽ ഫിഷറീസ് ഓഷ്യൻ സയൻസ് യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്നും ജൈവമത്സ്യ കൃഷിക്ക് പ്രോത്സാഹനം നൽകണമെന്നും, ഫിഷിംഗ് ഹാർബറുകളും മത്സ്യ മാർക്കറ്റുകളും നവീകരി ക്കണമെന്നും കടൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തണ മെന്നുമുള്ള നിർദ്ദേശങ്ങളുമുണ്ടായിട്ടുണ്ട്. 3000 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ എൻ.ഐ.ആർ.ഡി.ക്ക് ഈ വികസന നിർദ്ദേശങ്ങൾ കൈമാറുകയും ഈ നിർദ്ദേശങ്ങൾകൂടി സമഗ്ര തീരദേശ വികസന പരിപാടിക്കുള്ള പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുവേണ്ടി ഹൈദ്രാബാദ് ആസ്ഥാനമായിട്ടുള്ള ഇൻഡ്യാ ഗവണ്മെന്റ് സ്ഥാപനവുമായി സംസ്ഥാന ഗവണ്മെന്റ് എം.ഒ.യു.വിൽ ഒപ്പുവയ്ക്കുകയും അവരുടെ ചുമതല യിൽ വിശദമായ പ്രോജക്ടുകൾ തയ്യാറാക്കി വരികയുമാണ്. ഈ പദ്ധതി

ക്കായി സംസ്ഥാന ഗവണ്മെന്റിന്റെ ബഡ്ജറ്റിൽ മാസ്റ്റർപ്ളാൻ എന്ന ഹെഡിൽ പ്രത്യേകമായി തുക ഉൾക്കൊള്ളിക്കുക എന്ന നില സ്വീകരിച്ചിട്ടില്ല. മാസ്റ്റർപ്ളാൻ ഉൾപ്പെടെ വിവിധ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷം ഏഴര കോടി രൂപ ടോക്കൺ പ്രൊവിഷനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ഈ സാമ്പത്തിക വർഷം അഞ്ചരക്കോടി രൂപ പ്രത്യേകമായി "കോസ്റ്റൽ ഡെവലപ്മെന്റ്" എന്ന ഹെഡിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഉൾനാടൻ മേഖലയിൽ മത്സ്യോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് 10,000 ഹെക്ടർ പ്രദേശങ്ങളിലേയ്ക്ക് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് മത്സ്യകേരളം പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞു. 71.15 കോടി രൂപയാണ് ഈ പദ്ധതിയുടെ മൊത്തം അടങ്കൽ. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് മത്സ്യസുരക്ഷ എന്ന പേരിലുള്ള ഇൻഷ്വറൻസ് പദ്ധതി, മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷ ഉറപ്പാക്കുന്നതിന് സുരക്ഷാ ബീക്കൺ ഉൾപ്പെടെയുള്ള സുരക്ഷാ കിറ്റുകളുടെ വിതരണം, ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് 40,000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ, ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിന് അനുഗുണമാകുന്ന വിധത്തിൽ കേരളത്തിന് മൊത്തത്തിൽ ബാധകമായ ഏകീകൃത ഉൾനാടൻ മത്സ്യ വികസന ബിൽ, മത്സ്യമേഖലയിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുവാൻ പര്യാപ്തമായ ജലപരിഷ്ക്കരണ ബിൽ, തീരദേശ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് തീരദേശ വികസന

കോർപ്പറേഷൻ എന്നിവയാണ് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ. പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. അടുത്ത 5 വർഷംകൊണ്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്തിന്റെ മത്സ്യമേഖല മറ്റു സംസ്ഥാനങ്ങളിലേ തിൽനിന്നും വ്യത്യസ്തമാണ്. ഈ മേഖലയിൽ രാജ്യത്തിന്റെ മൊത്തം വിദേശ നാണ്യ വരവിൽ കേരളത്തിന്റെ സംഭാവന വളരെ വലുതാണ്. യൂറോപ്യൻ യൂണിയൻ നിഷ്ക്കർഷിച്ചിരിക്കുന്ന വിധം സംസ്ഥാനത്തിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരു കളുടെ സഹകരണത്തോടെ നടപ്പാക്കിവരികയാണ്. ആഴക്കടൽ മത്സ്യസമ്പത്ത് ഇനിയും ചൂഷണം ചെയ്യാൻ സാധ്യതയുള്ള മേഖലയാണിത്. അതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളേയും യന്ത്രവത്കൃത യാനങ്ങ ളെയും പ്രോത്സാഹിപ്പിക്കുന്ന നയമാണ് സംസ്ഥാന സർക്കാരിനുള്ളത്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനും ഇതാവശ്യമാണ്. രാജ്യത്ത് ആദ്യമായി മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് നിലവിൽ വന്നത് കേരളത്തിലാണ്. നിലവിൽ നടന്നുവരുന്ന മത്സ്യമേഖലയിലെ വികസനോന്മുഖമായ പ്രവർത്തനങ്ങളെ WTO കരാറിലെ വ്യവസ്ഥകൾ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അവ എതിർക്കപ്പെടേണ്ടതാണെന്നും മത്സ്യമേഖലയിലുള്ളവർക്ക് നൽകിവരുന്ന സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ തുടരേണ്ടതാണെന്നുമുള്ള നയമാണ് സംസ്ഥാന സർക്കാരി നുള്ളത്. ഇക്കാര്യങ്ങൾ ശക്തമായി കേന്ദ്ര സർക്കാരിനു മുന്നിൽ സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്. പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ ആനുകൂല്യം നൽകുന്ന സംവിധാനം ഫിഷറീസ് സെക്ടറിൽ ഇല്ല.

പ്രകൃതിക്ഷോഭത്തിനുവേണ്ടി നൽകുന്ന ആനുകൂല്യങ്ങൾ കേന്ദ്രഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള നോംസ് അനുസരിച്ചാണ് അനുവദിക്കുന്നത്. എന്നാൽ മൽസ്യബന്ധന മേഖലയിൽ ഒന്നും ലഭ്യമാകാത്ത സ്ഥിതിവിശേഷം കണക്കിലെടുത്തുകൊണ്ട് അപകടമോ മറ്റ് നഷ്ടമോ ഉണ്ടായാൽ മൽസ്യസുരക്ഷ എന്ന നിലയിൽ ഒരു ഇൻഷ്വറൻസ് സ്കീമിന് ഗവണ്മെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന ഉപകരണങ്ങൾ നശിച്ചാൽ 75 ശതമാനം ക്ളെയിം ആയി കിട്ടുന്നതിന് ഇൻഷ്വറൻസ് സ്കീമിന് അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ പകുതി തൊഴിലാളിയും പകുതി സർക്കാരുമാണ് നൽകേണ്ടത്. സർക്കാരിന്റെ വിഹിതം അടയ്ക്കുന്നതിന് ഈ പ്രാവശ്യം ഒരു കോടി രൂപ വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. തീരദേശത്തെ പശ്ചാത്തലവികസന സൗകര്യങ്ങൾ അടിസ്ഥാനപരമായി ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ മൽസ്യത്തൊഴിലാളികൾക്ക് ജീവിത പുരോഗതി കൈവരിക്കാൻ കഴിയൂ എന്ന കാഴ്ചപ്പാടോടുകൂടി തീരപ്രദേശത്ത് അരംഭിച്ച ഹാർബറുകളുടെ പണി പൂർത്തിയാക്കാനും പുതിയത് ആരംഭിക്കാനും കഴിയുന്ന രീതിയിലുള്ള വികസന ഏജൻസിയുടെ സ്ഥാനത്ത് വായ്പാ സംവിധാനവും കൂടി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി തീരദേശ വികസന കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് പ്രവർത്തനം വികസിപ്പിക്കുന്നതിന് തത്വത്തിൽ മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ഗവണ്മെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മാസ്റ്റർപ്ളാനിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് അവരുടെ മൽസ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മാർക്കറ്റിൽ എത്തിക്കുന്നതിനും ഫിഷ്‌ലാന്റിംഗ് സൗകര്യം ഉറപ്പുവരുത്തുന്ന കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായ തീരദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളായ വൈദ്യുതി, കുടിവെള്ളം, റോഡ് എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ വിവിധ പ്രോജക്ടുകൾ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരിക യുമാണ്. ഏതെങ്കിലും പ്രത്യേക പ്രദേശത്ത് ഈ വക കാര്യങ്ങളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടു ത്തിയാൽ അത് പരിശോധിക്കുന്നതാണ്. സി.എം.എഫ്.ആർ.ഐ. പോലെയുള്ള കേന്ദ്രഗവണ്മെന്റിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ തലവന്മാ രുമായി ഗവണ്മെന്റ് ചർച്ച ചെയ്യുകയും സുനാമിക്കുശേഷം മൽസ്യ സമ്പത്തിന്റെ അളവ് കുറഞ്ഞിരിക്കുന്നതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണങ്ങൾ ഉണ്ടോ എന്നുള്ളത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരു ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുക എന്നത് സംസ്ഥാന ഗവണ്മെന്റിന് വലിയ സാമ്പത്തിക ബാധ്യത വരുന്ന കാര്യമാണെങ്കിലും മൽസ്യബന്ധന മേഖലയുടെ വളർച്ചയ്ക്ക് ഒരു യൂണിവേഴ്സിറ്റി അനിവാര്യമാണെന്നു കണ്ടാൽ അത് നടപ്പിൽവരുത്തുക തന്നെ വേണം എന്ന നിലപാടാണ് ഗവണ്മെന്റിനുള്ളത്. കർമ്മസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര മന്ത്രിമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥതലത്തിലുള്ളവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവണ്മെന്റ് ഈ കാര്യം പരിശോധിക്കാ മെന്ന് പറഞ്ഞിട്ടുണ്ട്. ഇൻഡ്യാ ഗവണ്മെന്റിലെ പ്രധാനപ്പെട്ട ശാസ്ത്രജ്ഞന്മാ രുടെ ഒരു സമിതിയാണ് ഇതിന്റെ പഠനത്തിനുവേണ്ടി നിയോഗിച്ചിട്ടുള്ളത്. അവരുടെ നിഗമനത്തിൽ പറയുന്നത് 2025 ഓടുകൂടി ഇൻഡ്യയിലെ മൽസ്യ

ബന്ധന മേഖലയിൽ 42 ലക്ഷത്തോളം വരുന്ന തൊഴിൽ പൊട്ടൻഷ്യൽ ഏരിയ എന്നുള്ള നിലയ്ക്ക് കൂടുതൽ പഠനത്തിനും ഗവേഷണത്തിനും ഒരു യൂണിവേഴ്സിറ്റി ഇൻഡ്യയിൽ അനിവാര്യമാണെന്നാണ്. കേന്ദ്രഗവണ്മെന്റ് പ്രഖ്യാപിച്ച കാർഷിക പാക്കേജ് പദ്ധതിയിൽ മത്സ്യമേഖലയെ ആദ്യം ഉൾപ്പെടുത്തിയിരുന്നില്ലായെങ്കിലും സംസ്ഥാന ഗവണ്മെന്റും കേരളത്തിലെ പൊതു പ്രസ്ഥാനങ്ങളുമെല്ലാം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൽസ്യ മേഖലയെക്കൂടി ഉൾപ്പെടുത്തുന്നു എന്ന് കേന്ദ്ര കൃഷിവകുപ്പുമന്ത്രി വ്യക്ത മാക്കിയിട്ടുണ്ട്. മൽസ്യ ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ബുദ്ധിമു ട്ടുകൾ കേന്ദ്രഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ മേഖലയിൽ സബ്സിഡി നിർത്തൽ ചെയ്യുക എന്ന നിർദ്ദേശത്തോട് സംസ്ഥാനഗവണ്മെന്റിനും കേരള ത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്കും യോജിപ്പില്ല. തൊഴിൽ ഉപകര ണങ്ങൾ വാങ്ങുന്നത് മൽസ്യഫെഡാണ്. അതിന് പ്രത്യേകമായ സബ്സിഡി യില്ല. എൻ.സി.ഡി.സി. തുടങ്ങിയ കേന്ദ്ര ഏജൻസികളിൽനിന്നും ഒരു നിശ്ചിത ശതമാനം തുക പലിശയ്ക്കെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾവഴി മൽസ്യത്തൊഴിലാളികൾക്കും ഗ്രൂപ്പുകൾക്കും വ്യക്തി കൾക്കും വായ്പ നൽകുന്നുണ്ട്. അങ്ങനെ നൽകുന്ന വായ്പയിൽ ഒരു സബ്സിഡി പോർഷൻ ഉണ്ട്. അത് മൽസ്യത്തൊഴിലാളികൾക്ക് അനുകൂലമാ യിട്ട് ഉപയോഗപ്പെടുത്തിക്കൊണ്ടാണ് മൽസ്യഫെഡ് വിതരണം ചെയ്യുന്നത്. വിദേശ കപ്പലുകൾക്ക് നമ്മുടെ ജലാതിർത്തികളിൽ മൽസ്യബന്ധനത്തിന് ലൈസൻസ് കൊടുക്കുന്ന നയം കേന്ദ്രസർക്കാർ അവസാനിപ്പിച്ചാൽ മാത്രമേ മൽസ്യത്തൊഴിലാളികളെ രക്ഷിക്കാനാകൂ. പന്നിവേലിച്ചിറയിലെ മൽസ്യ ഗവേഷണ കേന്ദ്രം വികസിപ്പിക്കുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കി

സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവിട ത്തേയ്ക്ക് രണ്ട് കാര്യങ്ങൾ പ്രധാനമായി ഉദ്ദേശിക്കുന്നുണ്ട്. ഇൻഡ്യ യിൽത്തന്നെ ആദ്യമായി ഒരു അക്വാ ടെക്നോളജി പാർക്ക് മുഖ്യമന്ത്രി ചെയർമാനായി ജോയിന്റ് വെഞ്ചറിൽ ആരംഭിക്കുന്നതിന് മന്ത്രിസഭ അംഗീ കാരം നൽകിയിട്ടുണ്ട്. ഒരു സാറ്റലൈറ്റ് സെന്റർ ആയിട്ടാണ് പന്നിവേലിച്ചി റയെ ആ പ്രോജക്ടിൽ കണക്കാക്കിയിട്ടുള്ളത്. കല്ലുമ്മക്കായ ഉൾപ്പെടെയുള്ള വിവിധയിനം മൽസ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ചെറിയചെറിയ യൂണിറ്റുകൾ ഇപ്പോൾത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലുള്ള നോംസ് അനുസരിച്ചാണ് മൽസ്യബന്ധനത്തിലേർപ്പെടുന്നവർക്ക് മണ്ണെണ്ണ പെർമിറ്റ് കൊടുത്തുകൊണ്ടിരിക്കുന്നതെന്നും മണ്ണെണ്ണ പെർമിറ്റ് അനുവദിക്കപ്പെട്ട ഏതെങ്കിലും പ്രദേശത്ത് നിഷേധിച്ചിട്ടുണ്ടെങ്കിൽ അത് ഗവണ്മെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്തിയാൽ അത് പരിശോധിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തി നുത്തരമായി മന്ത്രി വ്യക്തമാക്കി.

17 (*152) <u>പുതിയ റേഷൻ കാർഡ്</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, പുതിയ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഗൃഹനാഥന്റെ ഫോട്ടോ എടുക്കുന്ന ജോലിയും റേഷൻ കാർഡിന്റെ വിവരങ്ങൾ ഡേറ്റാബേസ്സായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന ജോലിയും ഇന്നർ ഷീറ്റുകളുടെ അച്ചടിയും പൂർത്തിയായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് എ.പി.എൽ./ബി.പി.എൽ. ഗുണഭോക്താക്കളുടെ തരംതിരിച്ച ലിസ്റ്റ് ലഭിച്ചാലുടൻതന്നെ പുതിയ റേഷൻ കാർഡുകളുടെ വിതരണം ആരംഭിക്കുന്നതാണ്. ഗുണഭോക്താക്കളെ സർവ്വെ നടത്തി കണ്ടെത്തി

തരംതിരിച്ച ലിസ്റ്റ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് ലഭിക്കാത്തത് മൂലമാണ് റേഷൻ കാർഡു വിതരണം നടത്താൻ കാലതാമസമുണ്ടാകുന്നത്. നിലവിൽ 70.25 ലക്ഷം റേഷൻ കാർഡുകളാണ് ഉള്ളത്. പ്രസ്തുത കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് 68 ലക്ഷം കാർഡുടമകൾ ഫോട്ടോ എടുക്കുന്നതിന് ഹാജരാകുകയുണ്ടായി. അത്രയും കാർഡുകളാണ് ഇപ്പോൾ വിതരണം ചെയ്യാനുള്ളത്. റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് റേഷൻ കാർഡിലെ വിവരങ്ങൾ കെൽട്രോൺ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്. പഴയ കാർഡിലെ തിരുത്തലുകൾ, പേര് വെട്ടിക്കുറച്ച് പുതിയ കാർഡ് നൽകൽ തുടങ്ങിയ ജോലികൾ ചെയ്യുന്നതുമൂലം റേഷൻ കാർഡിന്റെ കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ള ഡാറ്റായിൽ വ്യത്യാസം വരുന്നതും ഇത് ഡ്യൂപ്ളിക്കേഷന് കാരണമാകാവുന്നതുമാണ്. എന്നാൽ അത്യാവശ്യ സമയങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങളും പുതിയ കാർഡും നൽകാറുണ്ട്. യാതൊരു കാർഡിലും പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പുതിയ റേഷൻ കാർഡ് നൽകിവരുന്നുണ്ട്. ഫുഡ് ആന്റ് സിവിൽ സപ്ളൈസ്, ലോക്കൽ സെൽഫ് ഗവണ്മെന്റ് എന്നീ വകുപ്പുകൾ കെൽട്രോണുമായി ചേർന്ന് സംയുക്തമായിട്ടാണ് റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ചുമതല ഏറ്റെടുത്തിട്ടുള്ളത്. എല്ലാ കുറവുകളും പരിഹരിക്കുന്നതരത്തിൽ ഗ്രാമസഭയിലും പഞ്ചായത്തിലുമെല്ലാം അതിന്റെ പരിശോധന നടത്തിയ ശേഷമാണ് വിതരണം ചെയ്യുന്നത്. ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾക്ക് 5 ലിറ്ററും എ.പി.എൽ. കാർക്ക് 2 ലിറ്ററും മണ്ണെണ്ണയാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. കേരളത്തിനുള്ള മണ്ണെണ്ണയുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. മിനിമം 400 റേഷൻ കാർഡുക

ളാണ് ഒരു റേഷൻ കടയ്ക്ക് അനുവദിച്ചിരിക്കുന്നത്. അതിൽ കൂടുതൽ കാർഡുകൾ കൈകാര്യം ചെയ്യുന്ന റേഷൻ കടകളുണ്ടെങ്കിൽ അത് പുന:പ്പരി ശോധിച്ച് പുതിയ റേഷൻ കടകൾ അനുവദിക്കും. പുതിയ റേഷൻ കാർഡിനും പഴയനിരക്കിലുള്ള വിലതന്നെയാണ് ഈടാക്കാൻ ഉദ്ദേശി ക്കുന്നത്. വില ഈടാക്കുന്ന കാര്യത്തിൽ എ.പി.എൽ./ബി.പി.എൽ. തരം തിരിവ് ഉണ്ടായിരിക്കുന്നതല്ല. റേഷൻ കാർഡിന്റെ ഇന്നർഷീറ്റു മുഴുവനും ഗവണ്മെന്റ് പ്രസ്സിലാണ് അച്ചടിച്ചത്. കുടുംബശ്രീകളിലൂടെ ഉൽപാദിപ്പിക്കുന്ന ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ സിവിൽസപ്ളൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. അത് റേഷൻ കടകൾവഴി വിതരണം ചെയ്യുന്നത് രണ്ടാംഘട്ടം എന്ന നിലയിൽ പരിശോധി ക്കേണ്ട കാര്യമാണ്. റേഷൻ കാർഡിൽ പതിപ്പിക്കാനുള്ള ഫോട്ടോ എടുക്കുന്നതിന് വിട്ടുപോയിട്ടുള്ള ആരെങ്കിലും ഉണ്ടെങ്കിൽ വീണ്ടും എടുക്കാനുള്ള അവസരം കൊടുക്കുന്നതാണ്. അളവുതൂക്ക പരിശോധന ഹോൾസെയിൽ കടകളിലും നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഈ സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് ജില്ലകളിലും ഉടൻ ആരംഭിക്കുന്നതാണ്. വ്യാജറേഷൻ കാർഡുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മൂന്നുരൂപ നിരക്കിലുള്ള അരി ഇപ്പോഴും വിതരണം ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിന് കേന്ദ്രം അനുവദിച്ചിരുന്ന അരിയുടെ വിഹിതത്തിൽ 86 ശത മാനം വെട്ടിക്കുറയ്ക്കുകയും കമ്പോളത്തിൽ അരിയില്ലാതെ വരികയും ചെയ്ത സാഹചര്യത്തിൽ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നെല്ല് കുത്തി അരിയാക്കി ന്യായമായ വിലയ്ക്ക് ആഭ്യന്തര കമ്പോളത്തിൽ വിറ്റഴിക്കാനാണ്

ഗവണ്മെന്റ് ആലോചിച്ചത്. വിദേശമലയാളികളുടെ സഹായത്തോടുകൂടി പൊതുവിതരണരംഗത്ത് പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ഗവണ്മെന്റിൽ നിർദ്ദേശം സമർപ്പിച്ചാൽ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

18 (*153) <u>ഭരണപരിഷ്ക്കാര കമ്മീഷൻ ശുപാർശകൾ</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ നിലവിലുള്ള ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ശ്രീ. ഇ. കെ. നായനാർ ചെയർമാനായി 26-5-1997-ൽ രൂപീകരിച്ച ഭരണപരിഷ്ക്കാര കമ്മിറ്റി 15 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അവയിൽ 11 റിപ്പോർട്ടുകളിലെ ശുപാർശകൾ അംഗീകരിച്ച് ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നും ബാക്കി 4 റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരികയാണെന്നും സഭയെ അറിയിച്ചു. ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചശേഷം തുടർ പരിശോധനയ്ക്കായി മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചു വരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. സർവ്വീസ് സംഘടനാ നേതാക്കളുമായി ചർച്ച ചെയ്തതിനുശേഷം സർക്കാർ ഓഫീസുകളുടെ പ്രവർത്തനം എങ്ങനെ സുഗമമാക്കാൻ കഴിയും എന്നതുസംബന്ധിച്ച് ആലോചിച്ചു വരികയാണ്. ജില്ലാതലത്തിൽ ആന്റി കറപ്ഷൻ ബ്യൂറോ രൂപീകരിക്കുന്ന കാര്യവും ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളിൽ 154 മുതൽ 179 വരെയുള്ള 26 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1203 മുതൽ 1393 വരെയുള്ള ചോദ്യങ്ങളിൽ 160 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)